89 (1821) ചെക്ക് പോസ്റ്റ് മാറ്റിയ നടപടി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ആർ.ടി.എ. ചെക്ക്പോസ്റ്റ് മുമ്പുണ്ടായിരുന്ന ചെക്ക് പോസ്റ്റ് സമുച്ചയത്തിൽ നിന്നും ഒറ്റപ്പെട്ട സ്ഥലത്തേക്ക് മാറ്റിയത് സംബന്ധിച്ച് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ചെക്ക്പോസ്റ്റ് മാറ്റാൻ കാരണമെന്താണ്;

(സി) ചെക്ക്പോസ്റ്റ് മാറ്റത്തിനെതിരെ ജനങ്ങളുടെ ആക്ഷൻ കൗൺസിൽ സമരം നടത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുതായി മാറ്റി സ്ഥാപിച്ച സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ അളവുതൂക്ക യന്ത്രം ഉപയോഗപ്പെടുത്തുന്നതിനാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച ഒരന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെക്ക്പോസ്റ്റ് മാറ്റാനുണ്ടായ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1) മോട്ടോർ വാഹനം, വനം വകുപ്പ്, സെയിൽസ്ടാക്സ് എന്നീ ചെക്ക് പോസ്റ്റുകൾ അടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ പാർക്കിങ്ങിനുള്ള സ്ഥലം അപര്യാപ്തമായിരുന്നതിനാൽ

2) നേരത്തെയുള്ള കെട്ടിടം ഇടിഞ്ഞു വീഴാറായ അവസ്ഥയിലായിരുന്നതിനാലും കെട്ടിടം ഉടമ ടി. കെട്ടിടത്തിൽ നിന്നും ഒഴിയാൻ ആവശ്യപ്പെട്ടിരുന്നതിനാലും

3) നേരത്തെയുള്ള കെട്ടിടം അതിർത്തിയിൽ നിന്നും 7 കി.മീ. അകലെയാണ് സ്ഥിതി ചെയ്യുന്നത്. 7 കി.മീ. ഉള്ളിൽ പല ഗോഡൗണുകൾ പ്രവർത്തിക്കുന്നതിനാലും അവിടേയ്ക്ക് കർണ്ണാടക വാഹനങ്ങളിൽ നിന്നും ചരക്കുകൾ കൊണ്ടിറക്കുന്നതിനാലും സംസ്ഥാനത്തിന് കിട്ടുന്ന നികുതി നഷ്ടപ്പെടാതിരിക്കാനുമാണ് അതിർത്തിക്കടുത്ത് ഒരു കിലോമീറ്ററിനുള്ളിൽ ചെക്ക് പോസ്റ്റു മാറ്റി സ്ഥാപിച്ചത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നുണ്ട്.

90 (1822) ശമ്പള പരിഷ്കാര കരാർ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ പുതുക്കിയ ശമ്പള പരിഷ്കാര കരാർ നടപ്പിലാക്കാൻ വൈകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനേജ്മെന്റും ഗവൺമെന്റും അംഗീകരിച്ച കരാർ നടപ്പിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകേണ്ട എത്ര ക്ഷാമബത്താ ഗഡുക്കൾ കുടിശ്ശികയുണ്ടായിട്ടുണ്ട് ;

(ഡി) ശമ്പള പരിഷ്കരണത്തിന് കാലതാമസം നേരിടുന്ന ഈ ഘട്ടത്തിൽ ക്ഷാമബത്താ കുടിശ്ശിക നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരാർ വ്യവസ്ഥകളിൽ ശമ്പള പുനഃനിർണ്ണയം, പെൻഷൻ റിവിഷൻ ഇവ ഒഴികെയുള്ള മിക്ക വ്യവസ്ഥകളും നടപ്പിൽ വന്നിട്ടുണ്ട്. ശമ്പളത്തിന്റെയും പെൻഷന്റെയും പുനർനിർണ്ണയം സംബന്ധമായ ജോലികൾ ഘട്ടംഘട്ടമായി നടന്നു വരികയാണ്.

(സി) രണ്ടു ക്ഷാമബത്താ ഗഡുക്കൾ നൽകുവാനുണ്ടായിരുന്നു. അതിൽ 1-1-98 മുതൽ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ ഒരു ഗഡു ഡി.എ.6/99 മുതൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) ഒരു ഗഡു ക്ഷാമബത്ത കുടിശ്ശിക നൽകാൻ തീരുമാനമായിട്ടുണ്ട്.

91 (1823) കെ.എസ്.ആർ.ടി.സി. ശമ്പള പരിഷ്കരണ കരാർ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണ കരാർ ഒപ്പു വച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ കരാർ നടപ്പിലാക്കി തുടങ്ങിയോ;

(സി) ഇല്ലെങ്കിൽ കരാർ നടപ്പിലാക്കാൻ കാലതാമസം വരുത്തിയത് എന്തു കൊണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പുതുക്കിയ കരാർ എന്ന് മുതൽ നടപ്പാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ കരാർ പ്രകാരമുള്ള വിവിധ വ്യവസ്ഥകളിൽ ശമ്പളം പെൻഷൻ ഇവ പുനഃനിർണ്ണയം ചെയ്യൽ ഒഴികെയുള്ള മിക്ക കാര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) 13.4.99 നു ഒപ്പു വച്ച കരാർ പ്രകാരമുള്ള വ്യവസ്ഥകൾ ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly